**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3357** **26-06-2024 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിലെ ഇൻസ്ട്രക്ടർ തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒരു കോഴ്സ് നിലനിർത്തുന്നതിന് എത്ര വിദ്യാർത്ഥികൾ വേണമെന്ന് വ്യക്തമാക്കുമോ; | (എ) | എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ഒരു കോഴ്സിലെ ഒരു ബാച്ച് നിലനിർത്തുന്നതിന് കുറഞ്ഞത് 15വിദ്യാർത്ഥികൾ ഉണ്ടായിരിക്കണം. |
| (ബി) | വൊക്കേഷണൽ ഹയർ സെക്കണ്ടറിസ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് കോഴ്സ് സംവിധാനം നടപ്പിലാക്കിയതിനുശേഷം ഒരു കോഴ്സ് പഠിപ്പിക്കുന്നതിന് മൂന്ന് ഇൻസ്ട്രക്ടർ തസ്തികയുടെ ആവശ്യകതയുണ്ടോ; അവരുടെ പുനർവിന്യാസം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിംവർക്ക് (NSQF) സമ്പ്രദായം നടപ്പിലാക്കിയതിനു ശേഷം ഒരു വൊക്കേഷണൽ കോഴ്സ് പഠിപ്പിക്കുന്നതിന് ഒരു താൽക്കാലിക വൊക്കേഷണൽ ടീച്ചറുടെ ആവശ്യകത മാത്രമേയുള്ളൂ. പ്രി എൻ എസ് ക്യൂ എഫ് സംവിധാനത്തിൽ ഒരു കോഴ്സിന് 3 ഇൻസ്ട്രക്ടർ തസ്തികകൾ ഇല്ലായിരുന്നു. പകരം 1 വൊക്കേഷണൽ ടിച്ചർ, 1 വൊക്കേഷണൽ ഇൻസ്ട്രക്ടർ, 1 ലാബ് ടെക്നിക്കൽ അസിസ്റ്റന്റ്എന്നിങ്ങനെ 3 തസ്തികകൾ ആണ്ഉണ്ടായിരുന്നത്. ടി തസ്തികകൾ വാനിഷിംഗ് കാറ്റഗറിയിൽഉൾപ്പെടുത്തി പുനർവിന്യാസം ചെയ്യുന്നതിന് സ്കൂൾ ഏകീകരണ കമ്മിറ്റി ശിപാർശ ചെയ്തിട്ടുണ്ട്. |
| (സി) | എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ സ്പെഷ്യൽ റൂൾസിന് വിരുദ്ധമായി ആഴ്ചയിൽ 12 മണിക്കൂർ ജോലിഭാരമുള്ള ജൂനിയർ തസ്തികയിലുള്ള സീനിയർ സ്കെയിൽ ശമ്പളം കൈപ്പറ്റുന്ന നോൺ വൊക്കേഷണൽ ഇൻസ്ട്രക്ടർ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | എയ്ഡഡ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നോൺ വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികകൾ ഇല്ല. വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികകളെ സീനിയർ/ ജൂനിയർ എന്നിങ്ങനെ തരം തിരിച്ചിട്ടില്ല. 12 മണിക്കൂർ ജോലിഭാരമുള്ള നോൺ വൊക്കേഷണൽ ടിച്ചർ തസ്തികകൾ നിലവിലുണ്ട്. വി എച്ച് എസ് ഇ സ്പെഷ്യൽ റൂൾസ് എയ്ഡഡ് സ്കൂളുകൾക്ക് ബാധകമാകുന്നതിനു മുമ്പ് നിയമനം ലഭിച്ച അധ്യാപകരാണ്ഇവർ. നിയമനം ലഭിച്ച തസ്തികകളിൽ തന്നെ അവർ സേവനത്തിൽ തുടർന്നു വരുന്നു. അവർ വിരമിക്കുന്ന മുറയ്ക്ക് പുതിയ റൂൾസ് പ്രകാരം നിയമനം നടത്തി വരുന്നു. |
| (ഡി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ | (ഡി) | വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ ലബോറട്ടറി ടെക്നിക്കൽ അസിസ്റ്റന്റ് തസ്തികയിൽ |

| | | | |
|---|---|---|---|
| | ജോലി ചെയ്യുന്നവർക്ക് ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്- 2 തസ്തികയിലെ ശമ്പള സ്കെയിൽ അനുവദിക്കപ്പെട്ട സാഹചര്യത്തിൽ ഒരു കോഴ്സിൽ രണ്ട് ഇൻസ്ട്രക്ടറുടെ ആവശ്യകത ഉണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ അവരുടെ പുനർവിന്യാസം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ? | | ജോലി ചെയ്യുന്നവർക്ക് ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ്- 2 തസ്തികയിലെ ശമ്പള സ്കെയിലിലുള്ള സമയ ബന്ധിത ഗ്രേഡ് മാത്രമാണ് അനുവദിച്ചിട്ടുള്ളത്. ലാബ് ടെക്നിക്കൽ അസിസ്റ്റന്റ് എന്ന തസ്തിക വൊക്കേഷണൽ ഇൻസ്ട്രക്ടർ തസ്തികയായി ഉയർത്തിയിട്ടില്ല. ആയതിനാൽ ഒരു കോഴ്സിൽ രണ്ട് ഇൻസ്ട്രക്ടർ എന്ന സാഹചര്യം നിലവിലില്ല. |

സെക്ഷൻ ഓഫീസർ